നം.കെഎസ്എ-കെടിഎം.പി6-401/2019 തീയതി : 16.04.2019

# കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.17 മുതൽ 28.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജു എസ്. , ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ). | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 15.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സാബു.പി.മണലൊടി | 01.04.17 മുതൽ 18.12.2017 വരെ |
| | ശ്രീ.പി.എസ്.മോഹനൻ | 19.12.17 മുതൽ 31.03.2018 വരെ |
| ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി സന്ധ്യാ മോൾ | 01.04.17 മുതൽ 18.12.2017 വരെ |
| | ശ്രീമതി സുലോചന പ്രഭാകരൻ | 19.12.17 മുതൽ 31.03.2018 വരെ |
| വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.പി.എസ്.മോഹനൻ | 01.04.17 മുതൽ 18.12.2017 വരെ |
| | ശ്രീ.സുനിൽകുമാർ ഡി. | 19.12.17 മുതൽ 31.03.2018 വരെ |
| ആരോഗ്യ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.പി.പി.ദിവാകരൻ | 01.04.17 മുതൽ 31.03.2018 വരെ |
| ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി പ്രവീണ സിബി | 01.04.17 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.എ.അബ്ദുൾ ജവാദ് | 01.04.17 മുതൽ 25.01.2018 വരെ |
| | ശ്രീ.ഇ.ക്ലീറ്റസ് | 26.01.2018മുതൽ 31.03.2018 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.രാജേന്ദ്രൻ | 01.04.17 മുതൽ 19.06.2017 വരെ |
| | ശ്രീ.സലി മോൻ .സി.ബി | 01.07.17 മുതൽ03.08.17 വരെ |
| | ശ്രീ.ടി.പി.സുദർശൻ | 07.08.17മുതൽ 31.03.18 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സീന.വി.എം | 01.04.17 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഇ.ആർ.നടേശൻ | 01.04.17 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മിനി ജോസഫ് | 01.04.17 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീ. പ്രിൻഷാദ്.പി.വൈ | 01.04.17 മുതൽ 31.03.2018 വരെ |
| | ശ്രീ.ബൈജു | 31.07.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.പിവി.ജോസഫ് | 01.04.17 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സുചിത്ര | 01.04.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.മഞ്ജു സേവ്യർ | 01.04.17 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.മനോജ്കുമാർ.എം | 01.04.17 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി ലില്ലിക്കുട്ടി പി.ജെ. | 01.04.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ധന്യ | 01.04.17 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | തൊഴിൽ നികുതി സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-2 | വസ്തു നികുതി പരിശോധന |
| 2-3 | ക്രമവതിക്കരണ ഫീ ഈടാക്കിയതിൽ കുറവ് |

| | |
|---|---|
| 2-4 | ജംങ്കാർ സർവ്വീസ് കരാർ തുക ഈടാക്കിയിട്ടില്ല |
| 2-5 | ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-6 | വിവിധ നിർമ്മാണ പ്രവൃത്തികൾ – പൊളിച്ച് മാറ്റിയ സാധനങ്ങൾ ലേലം ചെയ്തില്ല |
| 2-7 | ഇ-ടെണ്ടർ ഫോറവില ലഭ്യമായില്ല |
| 2-8 | വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന പഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക, കറന്റ് ചാർജ് എന്നിവ ഈടാക്കുന്നില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ |
| 3-2 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയാക്കിയില്ല |
| 3-3 | സർക്കാർ സ്കൂളുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ -എയ്ഡഡ് സ്കൂളുകളെയും ഉൾപ്പെടുത്തി |
| 3-4 | ജി.എസ്.ടി.കോംപൻസേഷൻ അധികനിരക്ക് നൽകി |
| 3-5 | നാനാടം മാർക്കറ്റിൽ ഫിഷ് സ്റ്റാൾ – ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല |
| 3-6 | കണ്ടംങ്കേരി പാടശേഖരം - പെട്ടി, പറ - പദ്ധതി പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചില്ല |
| 3-7 | കന്നുകട്ടി പരിപാലനപദ്ധതി – വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| 3-8 | കാലിവീപ്പയുടെ വിലയീടാക്കിയത് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-9 | തനത് ഫണ്ട് വൗച്ചർ - അപാകതകൾ |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | ഓഡിറ്റ് റിക്കവറി |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/ സർചാർജ് നടപടികളുടെ വിശദാംശങ്ങൾ |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |

| | |
|---|---|
| | |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28-03-2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 546683 | 8226721 | 7680038 | |
| വരവ് | 152424500 | 73607925 | | 78816575 |
| ആകെ | 152971183 | 81834646 | | 71136537 |
| ചെലവ് | 152285000 | 76313899 | | 75971101 |
| നീക്കിയിരിപ്പ് | 686183 | 5520747 | 4834564 | |

ബജറ്റിൽ പ്രതീക്ഷിത വരവുചെലവു കണക്കുകൾ, മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ യഥാർത്ഥത്തിലുള്ള കണക്കുകളുമായി വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനെയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമായതിനാൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകവും പുതുക്കിയതും ആയ റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് കമ്മറ്റി പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

27.06.2018- ൽ വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 29/6/2018- 30/06/18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 04-07-18 ലെ കെ.എസ്.എ.കെ.ടി.എം.പി.6/1295/18 നമ്പറായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 8226721 |
| വരവ് | 73607925 |
| ആകെ | 81834646 |
| ചെലവ് | 76313899 |
| നീക്കിയിരിപ്പ് | 5520747 |

## 1-5 ഫണ്ട് വിനിയോഗം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 20415927 | 20415927 | 20415927 | 0 | 100 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 9802919 | 9802919 | 9802919 | 0 | 100 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 167932 | 167932 | 167932 | 0 | 100 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 5142491 | 5142491 | 5142491 | 0 | 100 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 4651356 | 4651356 | 4651356 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8429270 | 8429270 | 8429270 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 0 | 0 | 0 | 0 | 0 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 9078 | 51950904 | 51959982 | 51959183 | 799 | 99.99 |
| സാക്ഷരത ഫണ്ട് | 19866 | 330 | 20196 | 12000 | 8196 | 59.41 |
| ബി ഫണ്ട് | 0 | 51319000 | 51319000 | 51319000 | 0 | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 71958992 | 137 | 53207645 | - | 29 | 73.94 |

2017-18 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/17/DPC/DPO/KTM, തീയതി 29.05.2017 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി രൂപീകരണം

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29.3.2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വ്യക്തിഗത ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യ സഭ, ഊര്കൂട്ടം, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ 2017 ഫെബ്രുവരി മാസത്തിലെ വിവിധ തീയതികളിൽ യോഗം ചേർന്ന് കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ചചെയ്തു. എന്നാൽ പട്ടിക വർഗ്ഗ

വികസനം, ജൈവ വൈവിധ്യം & കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണ ഗ്രാമസഭ വിവിധ വാർഡുകളിൽ 10.04.17 മുതൽ 18.04.17 വരെയുള്ള തീയതികളിൽ യോഗംചേർന്നു. ഗുണഭോക്താക്കളെ തിരെഞ്ഞെടുക്കുന്ന ഗ്രാമസഭ വിവിധ വാർഡുകളിൽ 30.07.17മുതൽ 07.08.17 വരെയുള്ള തീയതികളിൽ യോഗം ചേർന്നു. വാർഷിക പദ്ധതി അവലോകന ഗ്രാമസഭകൾ 17.11.17 മുതൽ 25.11.17 വരെയുള്ള തീയതികളിൽ വിവിധ വാർഡുകളിൽ കൂടി. വികലാംഗ ഗ്രാമസഭ 26.04.17 ൽ ചേർന്നു. വികസനസെമിനാർ 28.04.17ലും കൂടിയിട്ടുണ്ട്.

2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. പദ്ധതികളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം പ്രവർത്തിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതാണ്.

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പൊതുഭരണം, നികുതി, നികുതി സംബന്ധമായ അപ്പീലുകൾ, ഓഡിറ്റ്, ബജറ്റ്, അക്കൗണ്ടിംഗ് ഒഴികെയുള്ള ധനകാര്യവിഷയങ്ങൾ (വാർഷിക ധനകാര്യപത്രിക) എന്നിവ കൈകാര്യം ചെയ്യുന്നതിൽ കമ്മിറ്റി ചുമതലകൾ നിറവേറ്റിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുമുള്ള ക്രിയാത്മക തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 14 യോഗങ്ങൾ ചേർന്നിട്ടുണ്ട്. വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിവയെല്ലാം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളാണെങ്കിലും സ്റ്റാന്റിംഗ്കമ്മിറ്റി 2017-18 വർഷം കൂടിയിട്ടുള്ള യോഗങ്ങളിൽ വാർഷികപദ്ധതിയിലുൾപ്പെടുത്തേണ്ട പ്രോജക്ടുകളുടെയും ഭേദഗതി ചെയ്യേണ്ട പ്രോജക്ടുകളുടെയും ചർച്ചകളല്ലാതെ ചുമതലപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് സമഗ്രമായ ചർച്ചകളോ തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന മേഖലകളിൽ നടപ്പാക്കിയ വികസനപദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയോ പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തതായി കാണുന്നില്ല.

ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി

2017-18 വർഷം വാർഷികപദ്ധതി സംബന്ധിച്ചും ഇതരവിഷയങ്ങളുമായി ബന്ധപ്പെട്ടും 13 യോഗങ്ങൾ കൂടിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗവികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാപ്രവർത്തനം ദാരിദ്ര്യനിർമ്മാർജ്ജനം, പൊതുവിതരണ സമ്പ്രദായം എന്നീ മേഖലകൾ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തൻ വർഷത്തെ യോഗ മിനിട്സ് പരിശോധിച്ചതിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദമായ ചർച്ചകളോ തീരുമാനങ്ങളോ എടുത്തിട്ടില്ല. ലഭ്യമായിട്ടുള്ള സാമൂഹിക സുരക്ഷാ പെൻഷനുകളുടെ അപേക്ഷകളിൽ മേൽ അംഗീകാരത്തിനു വേണ്ടി മാത്രമാണ് യോഗങ്ങൾ കൂടിയിട്ടുള്ളത്. നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം, ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി 10 യോഗങ്ങൾ ചേർന്നു. പ്രവർത്തനം തൃപ്തികരമാണ്.

വിവിധ മേഖലയിലെ വകയിരുത്തലും ചെലവ് വിവരവും

| ക്രമ നമ്പർ | മേഖല | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഉൽപ്പാദനം | 30 | 27 | 12210613 | 9246272 | 75.72 |
| 2 | സേവനം | 66 | 54 | 37268029 | 26104877 | 70.05 |
| 3 | പശ്ചാത്തലം | 70 | 56 | 22480350 | 17856496 | 79.43 |
| ആകെ | | 166 | 137 | 71958992 | 53207645 | 73.94 |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷിഓഫീസർ | 16 | 16 | 5999649 | 5085511 | 84.7 |
| വെറ്ററിനറി സർജൻ | 5 | 5 | 3155000 | 2003250 | 63.49 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | 3 | 3 | 650000 | 642945 | 98.9 |
| മെഡിക്കൽ ഓഫീസർ( ഹോമിയോ) | 1 | 1 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 5,00,000 | 5,00,000 | 100 |
| വി.ഇ.ഒ | 14 | 11 | 11921529 | 8769001 | 73.56 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3898750 | 3547050 | 91 |
| സെക്രട്ടറി | 32 | 23 | 12565071 | 7575446 | 60.2 |
| അസി.സെക്രട്ടറി | 12 | 11 | 4826000 | 4473786 | 92.7 |
| ഹെഡ്മാസ്റ്റർ | 2 | 2 | 355851 | 343600 | 96.5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 55 | 25838542 | 18235956 | 70.5 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1800000 | 1600000 | 88.8 |
| ഫിഷറീസ് | 2 | 2 | 198600 | 181100 | 91.1 |
| ആകെ | 166 | 137 | 19,58,992 | 53207645 | 73.9 |

സേവന മേഖലയിൽ കാലിക പ്രാധാന്യമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പപദ്ധതി

തൊഴിലുറപ്പുമായി പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം 177697 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2523 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഇതിൽ 552 കുടുമ്പങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുകയുണ്ടായി. തോടുകളുടെ പുനരുദ്ധാരണം, കല്ലുസ് നിർമ്മാണം, കളിസ്ഥല നിർമ്മാണം, മഴക്കുഴി നിർമ്മാണം, ക്ഷീര കർഷകർക്ക് ചാണകക്കുഴി നിർമ്മാണം, മഴക്കുഴി നിർമ്മാണം, കിണറിനു ചുറ്റു മതിൽ തുടങ്ങിയ പ്രോജക്ടുകൾ

ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2017-18 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 9078 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 51873874 | 51950904 |
| | ക്യാഷ് വരവ്(പലിശ ഉൾപ്പടെ) | 77030 | |
| ആകെ | | | 51959982 |
| ചെലവ് | ഗുണഭോക്താക്കൾക്ക് അക്കൗണ്ടിലേക്ക് നേരിട്ട് | 45867891 | 51959183 |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 1599279 | |
| | മെറ്റീരിയൽ & സ്കിൽഡ് | 4492013 | |
| നീക്കിയിരിപ്പ് | | | 799 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 371 | 212520 |
| കർഷകതൊഴിലാളി പെൻഷൻ | 903 | 8611300 |
| വിധവാപെൻഷൻ | 830 | 7644100 |
| വാർദ്ധക്യകാലപെൻഷൻ | 2309 | 22678100 |
| വികലാംഗപെൻഷൻ | 328 | 3006900 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 79 | 73160000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 8 | 240000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2019തീയതി 03.00 പി.എം.-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37,006/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പ്രധാന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തനത് ഫണ്ട് വൗച്ചറുകൾ: പല സബ്-വൗച്ചറുകൾ കൂട്ടിച്ചേർത്ത് വൗച്ചറുകളുടെ ആകെ തുകയായിട്ടാണ് ബിൽ രജിസ്റ്ററിലെ ഒരു ബിൽ പ്രകാരം ചേർത്തുവരുന്നത്. ഓരോ സബ്-വൗച്ചറിന്റെയും കൃത്യമായ തുക ചേർത്ത് ഒരു സംക്ഷിപ്ത പത്രിക സൂക്ഷിക്കാത്തതു മൂലം കൃത്യമായ ചെലവ് കണ്ടെത്തണമെങ്കിൽ ഓരോ സബ് വൗച്ചറും കണ്ടെത്തി തുകകൾ കൂട്ടിനോക്കേണ്ടി വരുന്നത് സമയനഷ്ടത്തിനിടയാക്കുന്നു. ബിൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

സാംഖ്യ അക്കൗണ്ടിംഗ് : വിവിധ ഏജൻസികളിൽ നിന്നുള്ള ഫണ്ടുകൾ തെറ്റായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുന്നതിനാൽ ധനകാര്യ പത്രികയിലെ പ്രസ്തുത ഫണ്ടുകളുടെ വിനിമയം പ്രതിഫലിപ്പിക്കുന്നില്ല. അക്കൗണ്ടിങ്ങിൽ Narration നൽകുന്നതിലെ അപാകതകൾ മൂലം ഇടപാടുകളുടെ വിശദാംശം മനസ്സിലാക്കുന്നതിന് സാധിക്കാതെ വരുന്നു.

വിവിധ വർഷങ്ങളിലെ വാർഷികകണക്കുകളിൽ അപാകതയുള്ളതിനാൽ തൻ വർഷം ലോകബാങ്ക് ധനസഹായം ലഭിക്കാത്തത് ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മയാണ്. വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷൻ സമയത്ത് നിരവധി അപാകതകൾ ചൂണ്ടിക്കാട്ടിയെങ്കിലും നാളിതുവരെ പരിഹരിക്കാൻ ശ്രമം നടത്തിയിട്ടില്ല.

രസീത് സ്റ്റോക്ക് രജിസ്റ്റർ: മാന്വൽ/കമ്പ്യൂട്ടർ രസീതുകളുടെ വിനിമയം കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ക്യാമ്പ് കളക്ഷൻ നടത്തുന്ന മാന്വൽ രസീതുകൾക്ക് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
പൊതുമരാമത്ത്: മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ടെൻഡർ ക്ഷണിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതു വരെയുള്ള വിവിധ ഘട്ടങ്ങൾ സംബന്ധിച്ച രേഖകൾ ക്രമാനുഗതമായി ഫയലിൽ സൂക്ഷിക്കുന്നുണ്ട്. എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.
അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ: വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ (സാക്ഷരത, സമ്പൂർണ്ണ ശുചിത്വ പരിപാടി തുടങ്ങിയവ) വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓരോ ഫണ്ടിനും പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും സാമ്പത്തിക വർഷത്തെ സംക്ഷിപ്തം തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ & തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.17 | 2012-13 മുതൽ 2016-17 വരെ | LBA (HQ)- II 8A-2491/2012 dt 7.10.16 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം -62 പ്രകാരം വാർഷിക കണക്കുകളിൽ റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം-57 പ്രകാരം ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കുന്നുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ (ചട്ടം 46) പ്രകാരം 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ liability in respect of state cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
4. വസ്തുനികുതി സംബന്ധിച്ച് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി.കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
5. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വാർഷിക ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(4)എച്ച് പ്രകാരം കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയതിന് വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
8. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന ഇനങ്ങൾക്ക് (NREGS സാക്ഷരത എന്നിവ ഒഴികെ) പ്രത്യേക ബാങ്ക് അക്കൗണ്ടോ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.
9. ബാങ്ക് റിക്കൺസിലിയേഷൻ പത്രികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള cheques deposited but not collected – ഇനങ്ങൾ തെറ്റായി രേഖപ്പെടുത്തി റിക്കൺസിലിയേഷൻ നടത്തിയിട്ടുള്ളതിനാൽ റിക്കൺസിലിയേഷൻ പത്രിക (റ്റിഎസ്ബി A/c എസ്റ്റിഎസ്ബി നം.13, ഉദയനാപുരം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് എന്നീ

ബാങ്കുകളുടെ), ബാങ്ക് ബുക്ക് എന്നിവ കൃത്യമല്ല എന്ന് കാണുന്നു.

10. ജനറൽ പർപ്പസ് ഗ്രാന്റ് 11-ാം ഗഡു (ജി.ഒ.(ആർറ്റി)നം.767/2017/ഫിൻ/01.02.18) ആയ 7,71,687/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനം ട്രഷറിയിൽ നിന്നും ബിൽ പ്രസന്റ് ചെയ്ത് മാറിയിട്ടില്ലാത്തതിനാൽ തുക ലാപ്സായതായി കാണുന്നു. ആയതിനാൽ ഈ ഇനത്തിലുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും, വാർഷിക കണക്കിലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

11. തൊഴിൽരഹിതവേതനം ഇനത്തിൽ 2,52,000/- രൂപ ലഭിച്ചെങ്കിലും 07.09.17-ൽ 39,480/- രൂപ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ I-14(d)-ൽ 2,52,000/- രൂപ തന്നെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

12. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല.

13. ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം കൃത്യമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. വിവിധ ബി ഫണ്ട് ചെലവ് തുകകൾ സേവനയിൽ നിന്ന് ലഭ്യമാക്കിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

15. ബാരൽ വില, സേവനനികുതി എന്നിവ ഈടാക്കിയത് നിലവിൽ തനത് ഫണ്ട് അക്കൗണ്ട്സിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് ലയബിലിറ്റിയായാണ് ബുക്ക് ചെയ്തിരിക്കുന്നത്.

16. വാടകയിനത്തിൽ കുടിശ്ശികയുണ്ടായിരുന്ന തുക തൻവർഷം പിരിച്ചെടുത്തതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി ബുക്ക് ചെയ്തിരിക്കുന്നു.

17. തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കണക്ക് പ്രകാരമുള്ള പ്രാരംഭബാക്കി അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

18. ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 8,12,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 13,54.157/- രൂപയും നീക്കിയിരിപ്പുള്ളതായി രജിസ്റ്ററുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും ടി വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

19. ജംഗാർ സർവ്വീസ് ലേലം ഇനത്തിൽ 5,05,322/- രൂപ കുടിശ്ശികയുണ്ട്. ഇത് ബാധ്യതയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽനികുതി - സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷം പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീനക്കാരിൽ നിന്ന് തൊഴിൽനികുതിയും സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമായി. ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4/13.03.2019) മറുപടി ലഭ്യമായില്ല. അതിനാൽ ഈ സ്ഥാപനങ്ങളിൽനിന്ന് നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വർഷം |
|---|---|---|
| 1 | ആൽബാ ക്ലോത്തിംഗ് സെന്റർ | തൊഴിൽനികുതി രണ്ടാം വർഷം |
| 2 | ശ്രീലക്ഷ്മി വിദ്യാമന്തിരം ഇത്തിപുഴ | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |
| 3 | കയർ വ്യവസായ സഹകരണ സംഘം 571 | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |
| 4 | ശ്രീനാരയണകയർ വ്യവസായ സഹകരണ സംഘം 736,നേരേകടവ് | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |
| 5 | കയർ വ്യവസായ സഹകരണ സംഘം,459,നേരേകടവ് | തൊഴിൽനികുതി ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 6 | എച്ച് സി കെ നം-184 | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |
| 7 | ഖാദി & വില്ലേജ് ഇൻഡസ്ട്രിയസ് 80 ഡി | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |
| 8 | കയർ വ്യവസായ സഹകരണ സംഘം 664,വല്ലകം | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |
| 9 | സർവീസ് സഹകരണ സഹകരണ സംഘം 1321,ഉദയനാപുരം | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |
| 10 | നിർമ്മിതി കേന്ദ്രം , ഉദയനാപുരം | തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധവർഷം |

## 2-2 വസ്തു നികുതി പരിശോധന

2017-18 വർഷത്തെ വസ്തുനികുതി നിർണ്ണയ ഫയലുകൾ, ഫാറം 6 എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തലയോലപറമ്പ് ടെലിഫോൺ എക്സ്ചേഞ്ചിൽ സ്ഥിതി ചെയ്യുന്ന 2/152A നം. മൊബൈൽ ടവർ 2013-14 വർഷം ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും നികുതി അടവാക്കുന്നില്ല.

2.പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന നക്കം ഉരുത്ത് ജുമാ മസ്ജിദ് ഓഡിറ്റേറിയം, ആതുരാശ്രമം സ്കൂൾ ഓഡിറ്റോറിയം, സെന്റ് മേരീസ് ചർച്ച് പാരിഷ് ഹാൾ, ചെമ്മനാകരി എസ്. എൻ. ഡി. പി ഹാൾ (ബ്രാഞ്ച് നം.1699) എന്നീ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടില്ല. (സഞ്ജയ പ്രകാരം)

3.കെ.നാരായണൻ, എഴുകണ്ടയിൽ, വൈക്കം എന്നയാളുടെ 201m2 വിസ്തീർണ്ണമുള്ള കെട്ടിടം XV/530D നമ്പർ നല്കി നിർണ്ണയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല.

4.യൂസഫ് ,ക്കുറ്റവേലിത്തറ എന്നയാളുടെ ഉടമസ്ഥതയിലുള്ള III/432 A നമ്പർ നല്കിയ വ്യവസായികാവശ്യത്തിനായി നിർമ്മിച്ച 20 m2 വിസ്തീർണ്ണമുള്ളതും 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ (വൈക്കം -എറണാകുളം റോഡ്) നിന്നും പ്രവേശനം ഉള്ളതുമായ കെട്ടിടത്തിന് നികുതിയിൽ നിന്നും ഒഴിവാക്കി.

5. ശ്യാമള, നാലുകണ്ടത്തിൽ, കൂട്ടുങ്കൽ കടവ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 156.27 m2 വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (നം.17/3എ) ഫയൽ പരിശോധിച്ചതിൽ, അന്വേഷണ റിപ്പോർട്ടിൽ പ്രഥമ മേഖലയെന്ന് ക്ലാർക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ജയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയിച്ചപ്പോൾ ദ്വിതീയ മേഖലയ്ക്ക് നല്കുന്ന 10% ഇളവ് അനുവദിച്ചിട്ടുണ്ട്.

6.കെ.ആർ.അനൂപ്കുമാർ, കിഴക്കേവട്ടത്തറ പടിഞ്ഞാറേക്കര എന്നയാളുടെ VII/203 നം. കെട്ടിടം 137.2 m2 വിസ്തീർണ്ണമുള്ള പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടമെന്ന് അന്വേഷണ റിപ്പോർട്ടിൽ ക്ലാർക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി കെട്ടിടം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടില്ല.

7.പത്മകുമാർ, പടിഞ്ഞാറെതെറയിൽ, പടിഞ്ഞാറേക്കരയുടെ നം. 157.5 m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ അന്വേഷണ റിപ്പോർട്ടിൽ പ്രഥമ മേഖലയെന്ന് ക്ലാർക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ജയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയിച്ചപ്പോൾ ദ്വിതീയ മേഖലയ്ക്ക് നല്കുന്ന 10%ഇളവ് അനുവദിച്ചിട്ടുണ്ട്.

8.രജിമോൻ മോഹൻ, കാർത്തിക, ഉദയനാപുരം എന്ന വ്യക്തിയുടെ പേരിലുള്ള കെട്ടിടത്തിന് (III/244A) 110 m2 വിസ്തീർണ്ണത്തിന് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഫയലിലെ അന്വേഷണ റിപ്പോർട്ടിൽ 135 m2 വിസ്തീർണ്ണമുള്ള കെട്ടിടമാണെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.09/14.03.19) മറുപടി ലഭിച്ചില്ല. ആയതിനാൽ, അപാകതകൾ പരിഹരിച്ച് പഞ്ചായത്ത് ഫണ്ടിന് ഉണ്ടാകുവാൻ

സാധ്യതയുള്ള നഷ്ടം പുനർക്രമീകരിച്ച് ഈടാക്കേണ്ടതാണ്.

## 2-3 ക്രമവത്കരണ ഫീ ഈടാക്കിയതിൽ കുറവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും (പെർമിറ്റ് ഫീയുടെ ഇരട്ടി തുക) ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശപ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര്,വിലാസം | പ്ലിന്ത് ഏരിയ / ഉപയോഗക്രമം | ക്രമവൽക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| റ്റി.കെ.ദാമോദരൻ, പന്നിപറമ്പിൽ ഇരുമ്പുഴിക്കര, ഉദയനാപുരം | 182.5 പാർപ്പിടം | 182.5x9=1643 | 182.5x6=1095 | 548 |
| അനിൽകുമാർ, പടിഞ്ഞാറേനെടിയിൽ | 123 പാർപ്പിടം | 123x9=1107 | 123x6=738 | 369 |
| സി.പി.ചിത്രാംഗദൻ ഗായത്രിയിൽ , പൊന്നാട്.പി.ഒ, മുഹമ്മ | 131 വാണിജ്യം | 131x15=1965 | 131x6=786 | 1175 |
| വത്സൻ, പുതുമറ്റത്തിൽ, മുളകുളം .പി.ഒ | 105 പാർപ്പിടം | 105x9=945 | 105x6=630 | 315 |
| ജയൻ.പി.വി., പി.എൽഹൗസ് | 291 പാർപ്പിടം | 291x9=2619 | 291x6=1746 | 873 |
| നിജു ഫ്രാൻസിസ്, കണ്ടക്കാട്ട് പറമ്പിൽ | 67.5 പാർപ്പിടം | 67.5x9=608 | 67.5x6=405 | 203 |
| പ്രദീപ് & പ്രീയ പുത്തൻപുരയിൽ, വൈക്കം | 132 പാർപ്പിടം | 132x9=1188 | 132x6=792 | 396 |
| സി.കെ.ശശി, ചെട്ടികരിയിൽ, കൊടിയാട്, വൈക്കം | 185 പാർപ്പിടം | 185x9=1665 | 185x6=1110 | 555 |
| ഷൈൻ, നെല്ലിപ്പള്ളിത്തറ ഹൗസ്, ഉദയനാപുരം | 137.37 പാർപ്പിടം | 137.37x9=1`236 | 137.37x6=824 | 412 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.8/14.03.17) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, ക്രമവത്ക്കരണ ഫീ ഇനത്തിൽ നഷ്ടമായ തുകയായ 4,846/- രൂപ ബന്ധപ്പെട്ട ഉടമകളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 ജംങ്കാർ സർവീസ് - കരാർ തുക ഈടാക്കിയിട്ടില്ല.

2016-17 വർഷത്തിൽ പഞ്ചായത്തിലെ നേരേകടവ്- മാക്കേകടവ് ജംങ്കാർ സർവീസ് നടത്തുന്നതിന് ശ്രീ. പ്രകാശ് കെ.പി. പഞ്ചായത്തുമായി 20,54,321/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും 1.4.16 മുതൽ സർവീസ്

ആരംഭിക്കുകയും ചെയ്തു. തുടർന്ന് പമ്പ-ഇുറവൂർ പാലം നിർമ്മാണം ആരംഭിച്ചതോടെ 7.11.16 മുതൽ സർവീസ് അവസാനിപ്പിച്ചു. സർവീസ് നടത്തിയ 1.4.16 മുതൽ 6.11.16 വരെയുള്ള 220 ദിവസത്തെ ആനുപാതിക വാടക തുക 12,38,221/-രൂപയിൽ 8,73,580/- രൂപ മൂന്ന് തവണകളായി അടവാക്കിയിട്ടുള്ളതായി ഫയൽ പരിശോധനയിൽ വ്യക്തമായി. ഈടാക്കാൻ അവശേഷിക്കുന്ന 3,64,641/-രൂപയും 01.7.16 മുതൽ 7.2.18 വരെയുള്ള പലിശ 1,40,681/- രൂപയും ഉൾപ്പെടെ 5,05,322/- (364641+140681=505,322/-) രൂപ നാളിതുവരെ ഈടാക്കിയിട്ടില്ല. 2016-17, 2017-18 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികകളിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി &ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2017-18 വർഷത്തേക്ക് ഡി & ഒ ലൈസൻസ് എടുക്കുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ അധികൃതർ പരിശോധിച്ച് ആവശ്യമായരേഖകൾ, നിരാക്ഷേപ പത്രങ്ങൾ എന്നിവ ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങൾ രേഖകൾ ഹാജരാക്കി ലൈസൻസ് നേടിയിട്ടുള്ളതായി കാണുന്നില്ല. ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനങ്ങളുടെ വിവരം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1 | ശ്രീ ലക്ഷമി പേവിംഗ് ടൈൽസ് | പി സി ബി സാക്ഷ്യപത്രം ഇല്ല |
| 2 | ദേവദാസ് പി,റൈസ് മില്ല്& ഫ്ലവർ മില്ല്. | പി സി ബി സാക്ഷ്യപത്രം, സാനിട്ടേഷൻ സാക്ഷ്യപത്രം ഇല്ല, |
| 3 | ഡോ.കനകമ്മ, ഹോമിയോ ക്ലിനിക്ക്,കുലശേഖരമംഗലം | പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സാക്ഷ്യപത്രം ഇല്ല, |
| 4 | ഷീനാ ഷാജി ,ജയലക്ഷമി ഫ്ലവർമിൽ | സാനിട്ടേഷൻ സാക്ഷ്യപത്രം ഇല്ല |
| 5 | പ്രിയ അരുൺ,ഹാർഡ് വെയർ മെയിന്റനൻസ് | സാനിട്ടേഷൻ സാക്ഷ്യപത്രം ഇല്ല |
| 6 | സി ബി എസ് അജിത്ത് വുഡ് ക്രാഫ്റ്റ് | ഡി എഫ് ഒ ൽനിന്നുള്ള നിരാക്ഷേപപത്രം ഇല്ല. |
| 7 | സജിവ് ന്യൂ വെറയിറ്റി വുഡ് ക്രാഫറ്റ് | ഡി എഫ് ഒ ൽനിന്നുള്ള നിരാക്ഷേപപത്രം ഇല്ല. |
| 8 | പലവ്യജ്ഞന വ്യാപാരം | സാനിട്ടേഷൻ സാക്ഷ്യപത്രം ഇല്ല |

## 2-6 വിവിധ നിർമ്മാണ പ്രവൃത്തികൾ-പൊളിച്ച് മാറ്റിയ സാധനങ്ങൾ ലേലം ചെയ്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച വിവിധ നിർമ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊളിച്ച് മാറ്റിയ പഴയ സാധനങ്ങളുടെ മൂല്യം നിശ്ചയിച്ച് ലേലം ചെയ്ത് മുതൽ കൂട്ടിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പൊളിച്ച് മാറ്റിയ ഇനം | അളവ് | സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള വാല്യുവേഷൻ |
|---|---|---|---|---|
| 1 | 169/18 | Anjili wood work in frames and shutters | 1 | 31885/m3 |
| | | MS pipes | 1 | 2879/quintel |
| | | MS bars | 1 | 2510/quintel |
| | | AC conjugated sheet | 1 | 85.6/m2 |
| | | Anodised aluminium section | 1 | 91.1/kg |
| | | MS pipes gates- | 1 | 56.4/kg |
| | | Rusted mild steel iron section | | 3401.26 |
| | | Fully rusted GI tin sheet | | 150 |
| | | rubble | 13.737 m3 | 13923.63 |
| 2 | 118/18 | Dismantled roof including ridges,hips, valleys , gutters etc. | 215.16 m3 | മൂല്യം നിശ്ചയിച്ചിട്ടില്ല. |

മേൽ സൂചിത സാധനങ്ങളിൽ ക്രമനമ്പർ 1 പ്രകാരമുള്ള സാധനങ്ങൾ നിലവിൽ കെട്ടിടത്തിന്റെ വിവിധ മൂലകളിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്ന് 14.3.19ൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി. സർവ്വേ റിപ്പോർട്ടിൽ മേൽ സൂചിത ഇനങ്ങളുടെ തൂക്കം കൃത്യമായി നിർണ്ണയിച്ചിട്ടില്ല. കാലപ്പഴക്കത്തിൽ നഷ്ടപ്പെട്ട് പോകാൻ സാദ്ധ്യതയുള്ളതിനാൽ അടിയന്തിരമായി മൂല്യം നിർണ്ണയിച്ച് മേൽ പരാമർശിച്ച സാധനങ്ങൾ ലേലം ചെയ്ത് മുതൽകൂട്ടി

വിവരം അറിയിക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടർ-ടെണ്ടർ ഫോറവില ലഭ്യമായില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ പഞ്ചായത്തിന് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറം, ജി.എസ്.റ്റി ഇനത്തിൽ തൻവർഷം 1,09,730/- രൂപ കളക്ഷനുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വേളയിൽ അറിയിച്ചു. മേൽ സർക്കുലർ പ്രകാരമുള്ള അക്കൗണ്ടിലേക്ക് ഇ-ടെൻഡർ ഫോമിന്റെ മൂല്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. തുക അക്കൗണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് ടെന്റർ ഫോം വില, State Goods and Services Tax(SGST), Central Goods and Services Tax(CGST) എന്നിവ കൃത്യമായി കണക്കാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 2-8 വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന പഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക ,കറന്റ് ചാർജ്ജ് എന്നിവ ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഉദയനാപുരം വില്ലേജ് ഓഫീസിൽ നിന്നും വാടക, കറന്റ് ചാർജ്ജ് എന്നിവ ഒടുക്കുന്നില്ല. പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള കെട്ടിടമായതിനാൽ പഞ്ചായത്ത് ഓഫീസിനും വില്ലേജ് ഓഫീസിനും ഒരു മീറ്ററിൽ നിന്നുമാണ് കറന്റ് സപ്ലൈ ചെയ്യുന്നത്. പഞ്ചായത്ത് ഓഫീസിൽ നിന്നാണ് കറന്റ് ചാർജ്ജ് നല്കുന്നത്. പ്രത്യേകം മീറ്റർ ഘടിപ്പിച്ച് വില്ലേജ് ഓഫീസിന് കറന്റ് കണക്ഷൻ നല്കുന്നതിനും വാടക നിശ്ചയിച്ച് തുക ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ

1) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ- നിർമ്മിതികേന്ദ്രത്തിന് അധിക തുക നൽകി.

പ്രോജക്ട് നമ്പർ-63/18
അടങ്കൽ 14,85,000/-

ചെലവ്-892645(വികസന ഫണ്ട്)

ബിൽ നമ്പർ 24/17-18 തീയതി 31.12.17 തുക 297000

ബിൽ നമ്പർ 61/17-18 തീയതി 27.3.18 തുക 595645

ഗ്രാമപഞ്ചായത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ഓഫീസ്, ഫ്രണ്ട് ഓഫീസ് ക്യാബിൻ നിർമ്മാണവും സ്റ്റോറേജ് യൂണിറ്റുകൾ സ്ഥാപിക്കുകയുമായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രം, കോട്ടയത്തെ നിർവ്വഹണ ചുമതലയേൽപ്പിച്ചു. അഡ്വാൻസായി പ്രോജക്ട് കോസ്റ്റിന്റെ (1485000 രൂപ) 20% നൽകുകയും ചെയ്തു. തൻ വർഷം സ്ഥാപനം പാർട്ട് ബില്ലും ഫൈനൽ ബില്ലും സമർപ്പിച്ചു. ആയത് ചുവടെ ചേർക്കുന്നു.

പാർട്ട് ബില്ല്

| | |
|---|---|
| ആകെ വേലമൂല്യം | 737967.42 |
| (+) 8% മാനേജ്മെന്റ് ചാർജ് | 59037.39 |
| (+)12% ജി.എസ്.റ്റി | 95640.58 |
| ആകെ | 892645 |
| (-) മുൻകൂർ | 297000 |
| | 595645 |
| (-) IT 1% | 7990 |
| (-)WWF | 7990 |
| ക്യാഷ് | 579705 |

ഡി.എസ്.ആർ 2014, കോസ്റ്റ് ഇൻഡക്സ് 44.12 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആകെ വേലമൂല്യത്തോടൊപ്പം 12% ജി.എസ്.റ്റി തുകയായ് 95640.58 രൂപ കൂട്ടി ബിൽ തയ്യാറാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ഈ ഇനത്തിൽ അധികച്ചെലവുണ്ടായിട്ടുണ്ട്.

തൻവർഷം ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും 2018-19 ലാണ് ഫൈനൽ പേയ്മെന്റ് നടത്തിയത്. ഫൈനൽ ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 1297266.90 |
| (+) മാനേജ്മെന്റ് ചാർജ് | 103781.35 |
| (+)6% ജി.എസ്.റ്റി | 84062.90 |
| ആകെ | 1485111.15<br>Limited to 1485000 |
| (-) പാർട്ട് ബിൽ | 892645 |
| | 592355 |
| (-) IT 1% | 7970 |
| (-) IT 2% | 12081 |
| (-)WWF | 6041 |
| ക്യാഷ് | 566263 |

2017-18 വർഷത്തെ പാർട്ട് ബില്ലിൽ നിന്നും ജി.എസ്.റ്റി പിടിച്ചിരുന്നില്ല. ഫൈനൽ ബില്ലിൽ നിന്നും ഈടാക്കാമെന്നാണ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 2018-19 വർഷം ഫൈനൽ ബില്ലിൽ നിന്നും നിയമപ്രകാരമുള്ള ജി.എസ്.റ്റി ഈടാക്കിയില്ല. 14.11.18 ലാണ് ഫൈനൽ ബിൽ സമർപ്പിച്ചത്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർമ്മിതി കേന്ദ്രത്തിൽ നിന്നും ജി.എസ്.റ്റി. ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമായി. പാർട്ട് ബില്ലിൽ നിന്നും ജി.എസ്.ടി ഇനത്തിൽ അധികമായി നൽകിയ 95,641/- രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ട ജി.എസ്.റ്റി സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

2) വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പൂർത്തിയായില്ല.

പ്രോജക്ട് നമ്പർ -97/18

ചെലവ് -923191/- (വികസന ഫണ്ട്)

ബിൽ നമ്പർ 30,31,32,33/17-18 തീയതി 12.1.18

79176 (ബ്ളോക്ക് വിഹിതം)

മേൽ പ്രോജക്ടിനായി വികസനഫണ്ട്, ബ്ളോക്ക് വിഹിതങ്ങളിലായി ആകെ 1002367/- രൂപ ചെലവഴിച്ചിട്ടുണ്ട്. വൈക്കം, ചെമ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലാണ് തുക നിക്ഷേപിച്ചത്. ആയതിൽ 14406/- രൂപ വൈക്കം ഇലക്ട്രിക്കൽ സബ് ഡിവിഷന് നൽകിയതിന് കരാറിലേർപ്പെട്ടിട്ടില്ല. കരാർ വ്യവസ്ഥകളിൽ പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയാക്കേണ്ട തീയതി വ്യക്തമാക്കിയിട്ടില്ല. നാളിതുവരെ പ്രവൃത്തി ആരംഭിച്ചതിന്റെയോ പൂർത്തീകരിച്ചതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ

എൻക്വയറിക്ക് (നം.1/12.03.19) പണി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കാമെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 10,02,367/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) വിവിധ വാങ്ങലുകൾ സ്റ്റോക്കിലെടുത്തില്ല -തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് | വാങ്ങിയ സാധനങ്ങൾ | ബിൽ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 174/18 | വിവിധ സ്കൂളുകൾക്ക് മൈക്ക് സെറ്റ് | 99300 റോഡിതര സംരക്ഷണഗ്രാന്റ് | മൈക്ക് സെറ്റ് | 26/17-18, 31.2.18 | ഓസ്റ്റിൻ അസോസിയേറ്റ്സ്, കാക്കനാട് |
| 175/18 | സ്കൂളുകൾക്ക് പ്രൊജക്ടർ,ലാപ് ടോപ്പ് | 18725(തനത് ഫണ്ട്) 54775റോഡിതര സംരക്ഷണഗ്രാന്റ് | പ്രൊജക്ടർ,ലാപ് ടോപ്പ് | 39/17-18, 19.1.18 | അവലോൺ സിസ്റ്റം, കോട്ടയം |
| | ആകെ | 172800 | | | |

സ്റ്റോക്ക് എൻട്രി പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,72,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു..

## 3-2 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തിയാക്കിയില്ല.

പ്രോജക്ട് നമ്പർ-109/18

ചെലവ് -1550000(വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിനായി 17 ഗുണഭോക്താക്കൾക്കായി 15,50,000/- രൂപ ചെലവഴിച്ചു. 14 ഗുണഭോക്താക്കൾ പഠനമുറി പൂർത്തിയാക്കുകയും 1,00,000/- രൂപ വീതം കൈപ്പറ്റുകയും ചെയ്തു. 3 ഗുണഭോക്താക്കൾ അഡ്വാൻസായി 50,000/- രൂപ വീതം കൈപ്പറ്റുകയും ചെയ്തു (ബിൽ നമ്പർ 13/9.11.17). 2018-19 വർഷം ടി പ്രോജക്ട് സ്പിൽ ഓവറായി തുടരുകയും അവശേഷിക്കുന്ന 3 പേരിൽ രണ്ട് പേർ പഠനമുറി പൂർത്തിയാക്കുകയും ചെയ്തു. നാളിതുവരെ ശ്രീമതി ഓമന കനകൻ, കിഴക്കേനാനാടത്തുചിറ എന്നയാൾ പഠനമുറി പൂർത്തിയാക്കിയിട്ടില്ല. എ.എസ്/8230/17 തീയതി 5.7.18 പ്രകാരം അസി.സെക്രട്ടറി ടിയാരിക്കെതിരെ റെവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്തതായി ഫയലിൽ കാണുന്നു. തുകയീടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/12.3.19) 31.3.19 നകം പണി പൂർത്തിയാക്കി വാല്യുവേഷൻ ഹാജരാക്കിയില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. അപാകതകൾ പരിഹരിച്ച് തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-3 സർക്കാർ സ്കൂളുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ - എയ്ഡഡ് സ്കൂളുകളുടേയും ഉൾപ്പെടുത്തി.

പ്രോജക്ട് നം. 16/2018

പ്രോജക്ട് സർക്കാർ സ്കൂളുകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ

ചെലവ് 1,05,000/- (വികസന ഫണ്ട്)

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം, ഗ്രാമ പഞ്ചായത്ത്

പരിധിയിൽ വരുന്ന എല്ലാ സർക്കാർ സ്കൂളുകളിലും വിവിധ പ്രസിദ്ധീകരണങ്ങൾ വാങ്ങിനൽകുക എന്നതായിരുന്നു പ്രോജക്റ്റ് ലക്ഷ്യം.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന രണ്ട് എയ്ഡഡ് സ്കൂളുകളുകളേയും ഈ പ്രോജക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കുടി വെള്ളം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് സർക്കാർ സ്കൂളുകൾക്ക് ധനസഹായം നൽകിയതിനുശേഷം തുക ചെലവഴിക്കുവാൻ അനുവാദമുണ്ട്. എന്നാൽ ആനുകാലികപ്രസിദ്ധീകരണങ്ങൾ വാങ്ങുന്ന പ്രോജക്റ്റിനായി തുക ചെലവഴിച്ചത് മാർഗ്ഗ രേഖയുടെ ലംഘനമാണ്. എസ് എൻ എൽ പി എസ്, വൈക്കപ്രയാർ, സെന്റ് മേരീസ് എച്ച് എസ്എസ്, വല്ലകം എന്നീ സ്കൂളുകൾക്ക് ധനസഹായം നല്കിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

1.മലയാള മനോരമ പ്രസിദ്ധീകരണങ്ങൾ 2410/- രൂപ വീതം

(ബിൽ നം. 7/18 തീയതി 22.3.18 - 20300/ രൂപ

2.ദേശാഭിമാനി പ്രസിദ്ധീകരണങ്ങൾ - 23200/- രൂപ രണ്ടു സ്കൂളുകൾക്കുമായി ചെലവഴിച്ചു. (ബിൽ നം.5/18 തീയതി 22.3.18 - 56700/ രൂപ

3.ജനയുഗം പ്രസിദ്ധീണങ്ങൾ 3000/ രൂപ വീതം(ബിൽ നം.8/18 തീയതി 22.3.18 - 240000/ രൂപ)
മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി എയ്ഡഡ് സ്കൂളുകളെ കൂടി ഉൾപ്പെടുത്തിയതിന് ഉചിതമായ അധികാരസ്ഥാനത്ത് നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 3-4 ജി.എസ്.ടി കോംപൻസേഷൻ-അധികനിരക്ക് നൽകി.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ സ.ഉ(അച്ചടി) 87/17 തീയതി 1.11.17 നമ്പർ ഉത്തരവിൽ Framed buildings ന് 3.5% ജി.എസ്.ടി കോംപൻസേഷൻ അനുവദിക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്. ആയതുപ്രകാരം ഫിഷ് സ്റ്റാൾ നിർമ്മാണം എന്ന പ്രോജക്റ്റിൽ കോൺട്രാക്ടർക്ക് 15081 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 117/18 |
| ആകെ വേലമൂല്യം | 430883 |
| (+) ജി.എസ്.ടി കോംപൻസേഷൻ | 15081 |
| (-)സർവ്വേ റിപ്പോർട്ട് | 3279 |
| (-)IT | 4309 |
| (-)WWF | 4309 |
| കോൺട്രാക്ടർക്ക് നൽകിയത് | 434067 |
| എം.ബുക്ക് നമ്പർ | 3/യു.പി.റ്റി/17-18 തീയതി 7.10.17<br>പേജ് നമ്പർ 49 |
| കരാർ തീയതി<br>ബിൽ നമ്പർ | 7.10.17<br>22/6.1.18 |

എന്നാൽ പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 21 ൽ ഈ സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റിനൊപ്പം ജി.എസ്.ടി കോംപൻസേഷന്റെ അധിക നിരക്ക് ശതമാനക്കണക്കിൽ അധികമായി കൂട്ടി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/14.03.19) മറുപടി ലഭ്യമായില്ല. അധികമായി ചെലവഴിച്ച 15,081/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-5 നാനാടം മാർക്കറ്റിൽ ഫിഷ് സ്റ്റാൾ-ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്റ്റ് നമ്പർ -117/18

ചെലവ് - 445964

ബിൽ നമ്പർ -22/17-18 തീയതി 6.1.18
നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

നാനാടം മാർക്കറ്റിൽ നിലവിലുണ്ടായിരുന്ന ഫിഷ് സ്റ്റാൾ നവീകരിച്ച് നല്ല രീതിയിൽ പ്രവർത്തിപ്പിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 14.3.19 ന് ഓഡിറ്റ് ടീം സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. ടി കെട്ടിടത്തോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടവുമുള്ളതിനാൽ നിലവിൽ മാർക്കറ്റിനുള്ളിലൂടെ ഗതാഗതസൗകര്യം നിലച്ച അവസ്ഥയാണ്. അതിനാൽ ഫിഷ് സ്റ്റാളിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് ഉപയോഗിക്കുന്നത്. അതിനാൽ പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല. വിഷയം എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തിരമായി ഇടപെടാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 കണ്ടംങ്കേരി പാടശേഖരം - പെട്ടി, പറ – പദ്ധതി പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. - 81/18

നിർവഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ

വികസനഫണ്ട് -50000

ബ്ലോക്ക് ഷെയർ - 250000

ചെലവ് – 45,000 വികസനഫണ്ട്

2,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

കണ്ടംങ്കേരി നെല്ലുൽപ്പാദക സംഘത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും മേൽ പദ്ധതി പ്രകാരം പെട്ടി, പറ വാങ്ങുകയുണ്ടായി. ഇതിനായി പ്ലാൻ ഫണ്ട് 45000/രൂപയും (ബിൽ നം. KBU16/37/17-18 തീയതി 31.3.18 – 45000 രൂപ) ബ്ലോക്ക് ഷെയർ 250000/ രൂപയും (ചെക്ക് നം. 9074266 തീയതി 28.3.18 – 250000/-രൂപ) ചെലവഴിച്ചു. സംഘം പെട്ടി, പറ കൈപ്പറ്റിയിട്ടുണ്ടെന്നും പണി പൂർത്തീകരിച്ചതായും ഫയലിൽ നിന്നും വ്യക്തമായി. എന്നാൽ പ്രാദേശിക പരിശോധനയിൽ കറന്റ് കണക്ഷൻ ലഭ്യമായിട്ടില്ലായെന്നും ആയത് പ്രവർത്തന സജ്ജമല്ലായെന്നും ബോധ്യപ്പെട്ടു.

പെട്ടി, പറയ്ക്ക് കറന്റ് കണക്ഷൻ ലഭ്യമാക്കി ആയത് കർഷകർക്ക് പ്രയോജനകരമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2,95,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അടിയന്തിര തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കാമെന്നാണ് കൃഷി ഓഫീസർ എക്സിറ്റ് മീറ്റിംഗിൽ അഭിപ്രായപ്പെട്ടത്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 3-7 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി (പ്രോജക്ട് നം.31/18) ഒരു ഗുണഭോക്താവിന് 12500/-രൂപ നിരക്കിൽ 40 ഗുണഭോക്താക്കൾക്കുള്ള 500000/-രൂപ (ബിൽ നം. 14/17-18/8.3.18) വികസനഫണ്ടിൽനിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണകാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 കാലിവീപ്പയുടെ വിലയീടാക്കിയത് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം വിവിധ സർക്കാർ ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കിയ റോഡുപ്രവൃത്തികളിൽ ടാർവീപ്പകളുടെ വില വാറ്റുൾപ്പെടെ കരാറുകാരിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ സൂക്ഷിട്ടിട്ടുള്ളതായി കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ കണക്കുപ്രകാരം ഈയിനത്തിൽ തൻവർഷം മാത്രം 30303/-രൂപയാണ് തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്. തനതുഫണ്ട് ഒഴികെ ഇതര സർക്കാർ ഗ്രാന്റുകൾ ചെലവഴിച്ച് നടപ്പാക്കുന്ന

മരാമത്തുബില്ലുകളിൽനിന്നും ബാരൽവിലയിനത്തിൽ കിഴിവുചെയ്ത് തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കും വാറ്റിനത്തിലുള്ള തുക ബന്ധപ്പെട്ട സ്ഥാപനത്തിലേക്കും തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-9 തനത് ഫണ്ട് വൗച്ചർ - അപാകതകൾ

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. / തീയതി | തുക | അപാകതകൾ |
|---|---|---|---|
| 1. | 21700155/06.06.17 | 9975 | സെക്രട്ടറി, വനദുർഗ്ഗ എസ്.എച്ച്.ജി. യുടെ അപേക്ഷ പ്രകാരം ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ പഞ്ചായത്തിലെ വിവിധ കമ്മറ്റികൾക്ക് ഭക്ഷണം നല്കിയ വകയിൽ 8475/- രൂപ അനുവദിച്ച് നല്കുവാൻ അപേക്ഷിച്ചുവെങ്കിലും 9975/- രൂപ അനുവദിച്ചു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.2019) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, അധികം നല്കിയ തുക (1500/- രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ഓഡിറ്റിൽ നിരാകരിക്കുന്നു. |
| 2. | 21700191/15.06.17 | 163000 | മഴക്കാലപൂർവ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി കൈപ്പറ്റിയ 163000/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.2019) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ,ചെലവ് രേഖകളുടെ അഭാവത്തിൽ 163000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |
| 3. | 21700273/26.07.17 | 1500 | സ്റ്റാമ്പ് വാങ്ങുന്നതിനായി 1500/- രൂപ പിൻവലിച്ചിട്ടുണ്ട്. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ, ടി തീയതിയിൽ 1000/- രൂപയുടെ സ്റ്റാമ്പ് മാത്രമാണ് വരവുള്ളത് . ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.2019) മറുപടി ലഭിച്ചിട്ടില്ല. സ്റ്റാമ്പ് വാങ്ങുന്നതിനായി നല്കിയ തുക (500/- രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |
| 4. | *21700410/07.09.17* | *1000* | സ്റ്റാമ്പ് വാങ്ങുന്നതിനായി 1000/-രൂപ പിൻവലിച്ചിട്ടുണ്ട്. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ, ടി തീയതിയിൽ വരവില്ല . ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.2019) മറുപടി ലഭിച്ചിട്ടില്ല. സ്റ്റാമ്പ് വാങ്ങുന്നതിനായി നല്കിയ തുക (1000/- രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |
| 5. | 21700786/16.01.18 | 1000 | ഇ.എം.ഡി തുക മാറി നല്കിയിട്ടുണ്ട്. വൗച്ചറിനൊപ്പം രസീത് സൂക്ഷിച്ചിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.2018) മറുപടി ലഭിച്ചിട്ടില്ല. ഒറിജിനൽ രേഖകൾ ലഭ്യമാക്കാതെ നല്കിയ തുക (1000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| 6. | 21700808/23.01.18 | 1000 | വൗച്ചറിനൊപ്പം രസീതിന്റെ പകർപ്പ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഒറിജിനൽ രസീത് ലഭ്യമല്ല.. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.03.2018) മറുപടി ലഭിച്ചിട്ടില്ല. ഒറിജിനൽ രേഖകൾ ലഭ്യമാക്കാതെ നല്കിയ തുക (1000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |
| 7. | 21700465/04.10.17, 21700586/09.11.17 | 3600/-, 6000/- | തുകകൾ കുടുംബശ്രീ വിപണന മേള നടത്തുന്നതിനായി അസി.സെക്രട്ടറിയ്ക്ക് അഡ്വാൻസ് നല്കിയിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല. 9600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | കണ്ടങ്കേരി പാടശേഖരം- പെട്ടി പറ | 250000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | നെൽകൃഷി വികസനം- കൂലിചെലവ് -എസ്.സി | 200000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 159730 | നെൽകൃഷി വികസനം- കൂലിചെലവ് -ജനറൽ | 159730 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 62300 | ജൈവ പച്ചക്കറി | 45100 | 17200 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് കെയർ പദ്ധതി | 95867 | 4133 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1580000 | ലൈഫ് മിഷൻ ഒന്നാം ഘട്ടം | 768000 | 812000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | അംഗനവാടികൾക്ക് പോഷകാഹാരം | 50000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 100000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 79176 | 120824 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | അങ്കണവാടി നിർമ്മാണം-വിഹിതം നല്കൽ | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാൽ ഇൻസെന്റീവ് | 300000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാൽ ഇൻസെന്റീവ് (പട്ടിക ജാതി) | 0 | 200000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ/ ചെക്ക് നമ്പർ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 97/18-സ്ട്രീറ്റ് ലൈൻ നീട്ടൽ | 1002367 | ബിൽ നം.30,31,32,33/ 12.01.18 | 1002367 |
| KWA | 172/18 പൈപ്പ് ലൈൻ നീട്ടൽ | 71200 | ബിൽ നം. 18/31.12.17 | 71200 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2018 വരെ വായ്പ എടുത്ത തുക | 01.04.2016-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2016-17 തിരിച്ചടച്ച തുക(മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി | ജി.ഒ(എം.എസ്)നം.725/2010 /തസ്വഭവ/04.03.2010 | ഉദയനാപുരം സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമി. നം.1321 A/c No.59 | 17200000 | 4510771 | 1516065 | 2994706 |

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷം വരവില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരങ്ങൾ

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ 3.1(1) പ്രകാരം ഫിഷറീസ് സബ്ഇൻസ്പെക്ടറായിരുന്ന ശ്രീ കെ. ശിവദാസനെതിരെ 102500/- രൂപ ഈടാക്കാൻ KSAD 2527/sp.cell /csc/c3/16 dt 27.10.16പ്രകാരം സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചു.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 81834646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76313899 |
| വരവിനങ്ങളിലുള്ള നഷ്ടം | 4846 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 113722 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1471967 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 4,846/- | | ശ്രീ.എ.അബ്ദുൾ ജവാദ്, സെക്രട്ടറി |
| 3-1 | | 95,641/- | ശ്രീ.ഇ.ക്ലീറ്റസ്, സെക്രട്ടറി |
| 3-4 | | 15,081/- | ശ്രീമതി ലില്ലിക്കുട്ടി പി.ജെ., അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-9 (ക്രമ നം. 1,3,4) | | 3,000/- | ശ്രീ.എ.അബ്ദുൾ ജവാദ്, സെക്രട്ടറി |
| ആകെ | 4,846/- | 1,13,722/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(2) | 10,02,367 | ശ്രീ.എ.അബ്ദുൾ ജവാദ്, സെക്രട്ടറി |
| 3-6 | 2,95,000 | ശ്രീമതി സീന വി.എം., കൃഷി ഓഫീസർ |
| 3-9 (ക്രമ നം.2) | 1,63,000 | ഡോ.പി.വി.ജോസഫ്,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-9 (ക്രമ നം. 5, 6,7) | 11,600<br>(1000+1000+9600) | ശ്രീ.എ.അബ്ദുൾ ജവാദ്, സെക്രട്ടറി |
| ആകെ | 14,71,967 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ..അബ്ദുൾ ജവാദ്<br>സെക്രട്ടറി | പള്ളിക്കൽ ഗ്രാമപഞ്ചായത്ത്<br>തിരുവനന്തപുരം | ചിറ്റഴിലകത്ത് ഹൗസ്<br>വെമ്പായം പി.ഒ., തിരുവനന്തപുരം |
| ശ്രീ.ഇ.ക്ലീറ്റസ്<br>സെക്രട്ടറി | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്,<br>ആലപ്പുഴ | ചിറ്റേത്ത് ഹൗസ്, കാട്ടൂർ പി.ഒ., കലവൂർ |
| ശ്രീമതി ലില്ലിക്കുട്ടി പി.ജെ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | കട്ടപ്പുറം, വൈക്കം പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6/674/16/1.10.2016 | 3 | |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6/678/16/25.08.2016 | 1 | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്6/11-31.08.11 | 1 | |
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്.6/11/31.08.11 | -- | |

| | | | |
|---|---|---|---|
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/പി6/1002(1)/17/30.12.2017 | 10 | |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(1)2018, 08.01.18 | 4 | |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(3)/17/30.12.2017 | 4 | |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(2)/2018, 08.01.18 | 8 | |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(5)/17/28.12.2017 | 10 | |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(1)/16/04.03.2017 | 14 | |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(2)/17/04.03.2017 | 12 | |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(7)2018, 08.01.18 | 9 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/1684/15/23.05.16 | 26 | |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/348/18/20.02.18 | 4 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928/2016/29.05.17 | 21 | |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/1651/2017/ 27.12.17 | 19 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# **അനുബന്ധം 1**

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി.6/401/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 16.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം